**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3263** **13-07-2022 - ൽ മറുപടിയ്ക്ക്**

**1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ എന്തൊക്കെ നിർമ്മാണ പ്രവൃത്തികൾക്കാണ് അനുമതി നൽകാൻ കഴിയുന്നത്; വിശദമാക്കുമോ; | (എ) | **ഭൂമി ഏതു ആവശ്യത്തിനാണ് പതിച്ചു നൽകിയത ആ പ്രസ്തുത ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്ന നിബന്ധന നിലവിലുണ്ട്. 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടത്തിലെ ചട്ടം 4 പ്രകാരം വ്യക്തിഗ കൃഷി, താമസസ്ഥലം, സമീപസ്ഥങ്ങളായ ഭൂമികളിലേ്ക്കുള്ള പ്രയോജനപ്രദമായ അനുഭവാവകാശം എന്നീ ആവശ്യങ്ങൾക്കായി ഗവൺമെന്റ് ഭൂമി പതിവു മുഖേന പതച്ചു നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതും 1995 ലെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്ന ചട്ടത്തിലെ ചട്ടം 3 പ്രകാരം താമസസ്ഥലം, കച്ചവടസ്ഥലം അല്ലെങ്കിൽ മറ്റു വാണിജ്യപരമോ ധർമ്മപരമോ, ആയ കാര്യങ്ങൾക്കും സമീപസ്ഥങ്ങളായ പതിവ് ഭൂമികൾക്കായുള്ള പ്രയോജനപ്രദമായ അനുഭവാവകാശത്തിനും ഗവൺമെന്റ് ഭൂമി പതിച്ചു നൽകാവുന്നതാണെന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതും, 1993 ലെ ഭൂമി പതിച്ചു നൽകൽ (1977 നു മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങളിലെ ചട്ടം 3-ൽ വ്യക്തിഗത കൃഷി ആവശ്യത്തിലേയ്ക്കോ, ഭവന നിർമ്മാണത്തിനോ കടമുറികൾ വയ്ക്കുന്നതിനോ ഈ ചട്ടങ്ങൾ പ്രകാരം പതിവു മുഖേന ഭൂമി പതി നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടത്തിലെ ചട്ടം 8 (2) പ്രകാരം പതി കിട്ടിയ വ്യക്തിയോ അയാളുടെ ഒരു കുടുംബാംഗമോ അയാളുടെ പിൻതുടർച്ചാവകാശിയോ പതിച്ചു കിട്ടിയ ഭൂമി കെട്ടിട നിർമ്മാണത്തിനായി നല്കിയതാണെങ്കിൽ അവിടെ** |

| | | | |
|---|---|---|---|
| | | | **താമസിക്കേണ്ടതും കൃഷിയ്ക്കായി നൽകിയിട്ടുള്ള താണെങ്കിൽ അവിടെ സ്വന്തമായി കൃഷിയിറക്കേണ്ടതും അതതു സംഗതികളിൽ അങ്ങനെയുള്ള താമസമോ കാർഷികവൃത്തിയോ പട്ട ലഭിച്ച തീയതി മുതലോ പ്രാഥമിക നടപടിയെന്ന നിലയിൽ താൽക്കാലിക പട്ട ലഭിച്ചിട്ടുള്ള തീയതി മുതലോ ഒരു വർഷത്തിനുള്ളിലോ ഫലപ്രദമായി ആരംഭിച്ചിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടത്തിലെ ചട്ടം 8 (3) പ്രകാരം 8 ഉപചട്ടം (1) ലെയോ (2) ലെയോ വ്യവസ്ഥകൾ ലംഘിച്ചാൽ പതിവ് റദ്ദ് ചെയ്യാവുന്നതാണ് എന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.** |
| (ബി) | 1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഭേദഗതി വരുത്തുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | പതിവ് ചട്ടങ്ങളിൽ കാലോചിതമായ ഭേദഗതികൾ വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ